നം.CEIA/3301/2025 - IC2

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം
തീയതി : 23-07-2025

## നോട്ടീസ്

വിഷയം: - ജലസേചനം - ജീവനക്കാര്യം – ശ്രീമതി.രശ്മി.വി.എസ്, മൂന്നാംതരം ഓവർസിയർമാരുടെ പേര് 01.06.2022 മുതൽ 31.12.2023 വരെയുള്ള മൂന്നാംതരം ഓവർസിയർമാരുടെ (സിവിൽ) അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്:

സൂചന :

(1) 26.04.2025 ലെ ഈ കാര്യാലയത്തിലെ ഐസി 2 -252/2024 നമ്പർ ഉത്തരവ് (കേരള ഗസറ്റ് നമ്പർ.20 വാല്യം 14 (vol.XIV)

(2) 28.05.2025 ലെ തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഇ2 -581/2018 നമ്പർ കത്ത്.

തൃശ്ശൂർ ഇറിഗേഷൻ ഡിവിഷനു കീഴിൽ വരുന്ന ചിമ്മിനി ഡാം പ്രൊജക്ട് സെക്ഷൻ നമ്പർ 2 ലെ മൂന്നാംതരം ഓവർസിയറായ ശ്രീമതി.രശ്മി.വി.എസ് ന്റെ പേര് സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച മൂന്നാംതരം ഓവർസിയർമാരുടെ (സിവിൽ) 01.06.2022 മുതൽ 31.12.2023 വരെയുള്ള അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സൂചന (2) പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും ടിയാളുടെ പേര് മേൽസൂചിപ്പിച്ച അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താമെന്ന ബോധ്യപ്പെട്ടിട്ടുണ്ട്.

ആയതിനാൽ ശ്രീമതി.രശ്മി.വി.എസ് ന്റെ പേര് സൂചന (1) പ്രകാരമുള്ള 01.06.2022 മുതൽ 31.12.2023 വരെയുള്ള അന്തിമ മുൻഗണനാ പട്ടികയിൽ ക്രമനമ്പർ 57 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.രേഷ്മ രാധാകൃഷ്ണനും ക്രമനമ്പർ 58 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.നീനു.കെ.ചാണ്ടിക്കും മദ്ധ്യേ 57(A) ആയി ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

ഇതിന്മേൽ ഏതെങ്കിലും തരത്തിലുള്ള പരാതിയോ ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുവാൻ ആവശ്യമായ സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്. പ്രസ്തുത തീയതിക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ല എങ്കിൽ ശ്രീമതി.രശ്മി.വി.എസ് ന്റെ പേര് മേൽപറഞ്ഞ അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

(ഒപ്പ്)

Signed by Binoy Tomy George
Date: 23-07-2025 16:49:13

ചീഫ് എഞ്ചിനീയർ

ശ്രീമതി.രശ്മി.വി.എസ്
മൂന്നാംതരം ഓവർസിയർ
(ഓഫീസ് മേലധികാരി മുഖേന )

പകർപ്പ്:-

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഐ.ടി സെൽ,ഇറിഗേഷൻ.
(നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി )